# വീട് പ്ലാനം

വീടുനിർമ്മാണത്തിന് ഒരു സമ്പൂർണ്ണ വഴികാട്ടി

2016 January-March | Vol. 1 | Issue 1 | Price ₹ 50/- | AED 15 | US$ 5





14 വീടുകൾ ജില്ലകൾ

തൃശൂർ

# മിതവാദി വീട്

പുറംകാഴ്ചയിൽ കാണുന്ന തിരശ്ചീന ഡിസൈൻ അകത്തളങ്ങളിലെത്തു മ്പോൾ ലംബമായി മാറുന്നു. എക്സ്റ്റീരിയറിലും ഇന്റീരിയറിലും വരുന്ന ഈ ഡിസൈൻ രീതികൾ തമ്മിലുള്ള കോമ്പിനേഷൻ ഡിസൈനിനെ ഹൃദ്യമാക്കുന്നുണ്ട്

■ ടീം വീടും പ്ലാനും

തൃശൂർ വലപ്പാട് സ്വദേശി രാമചന്ദ്രൻ ഒരു 'മിതവാദി'യാണ്- എല്ലാം മിതമായി മാത്രമേ പാടുള്ളൂ എന്ന പക്ഷക്കാരൻ. പരമ്പരാഗത ശൈലിയും വാസ്തു തത്വങ്ങളും ഇഴചേർത്ത് അദ്ദേഹത്തിനു വേണ്ടി 2194 സ്ക്വയർഫീറ്റിൽ ഒരുക്കിയിട്ടുള്ള ഈ ഭവനവും മിതത്വത്തിലൂന്നിയതാണ്. ഇതിന് രൂപം നൽകിയത് തൃശൂർ തൃപ്രയാറിലുള്ള അമാകിലെ ആർക്കിടെക്റ്റുകളായ അനൂപ് ചന്ദ്രനും മനീഷയും കൂടിച്ചേർന്നാണ്. പ്രായമായ ദമ്പതിയാണ് ഇവിടുത്തെ അന്തേവാസികൾ. അതിനാൽ അവരുടെ ജീവിതശൈലിക്കിണങ്ങുന്ന വീടായിരുന്നു പ്ലാൻ ചെയ്തത്. ശുദ്ധവായുവും കാറ്റും ധാരാളമായി അകത്തളങ്ങളിലേക്കെത്തണമെന്ന പ്രധാന ആവശ്യവും ഈ വീടിന്റെ ഡിസൈനിൽ ആദ്യസ്ഥാനം പിടിച്ചിരുന്നു.

## ലംബവും തിരശ്ചീനവും


ചെരിഞ്ഞ റൂഫിങ്ങാണ് വീടിന്റേത്. ലംബവും തിരശ്ചീനവുമായ ഡിസൈൻ എലമെന്റുകൾ ഉടനീളം കാണാം. തിരശ്ചീനാകൃതിയിൽ നൽകിയിട്ടുള്ള 'വുഡൻ വർക്കെന്നു തോന്നിക്കുന്ന സ്റ്റോൺക്ലാഡിങ് എലിവേഷന്റെ പ്രധാന ആകർഷണമാണ്. ഇത് മുഖപ്പിലും തൂണുകളിലും വീടിന്റെ മുൻവശത്തെ ഇരുഭാഗങ്ങളിലെ ഭിത്തികളിലുമായാണ് നൽകിയിരിക്കുന്നത്. പുറംകാഴ്ചയിൽ കാണുന്ന



ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ
ആർക്കിടെക്റ്റ് മനീഷ അനൂപ്



FRONT ELEVATION




SECTION A-A








തടിയിൽ നിർമ്മിതമായ ഫർണിച്ചറാണ്
ലിവങ് ഏരിയയെ ഭംഗിയാക്കുന്നത്.
അകത്തളങ്ങളിൽ പാലിക്കുന്ന ലംബമായ
ഡിസൈൻ രീതി ഫർണിച്ചറിലും പ്രകടമാണ്





GROUND FLOOR PLAN
AREA = 1569 FT²




FIRST FLOOR PLAN
AREA = 625 FT²



വെർട്ടിക്കൽ ഡിസൈൻ നയമാണ്
അകത്തളങ്ങളുടെ ഹൈലൈറ്റ്
ലിവിങ് ഏരിയയ്ക്ക് ഡബിൾഹൈറ്റാണ്
ബ്രൗൺ വൈറ്റ് കളർതീമാണ്
വീടിനു മൊത്തത്തിൽ



കെ.ജി. രാമചന്ദ്രനും ഭാര്യയും

**PROJECT DETAILS**

| | |
|---|---|
| Architects | Anoop Chandran V.P<br>9995000222<br>Manisha Anoop<br>8086660007<br>Amac Architects, Thrissur |
| Owner: | K.G Ramachandran |
| Location: | Valapad |
| Year of Completion: | 2014 |
| Site Area: | 47 CENT |
| Built Area: | 2194 Sqft. |
| Civil Engineer & Interior Designer, | Amac Architects-Interiors-Vasthu Consultants, Triprayar, Thrissur |





ഇളംനിറങ്ങളുടേയും ഫർണിഷിങ്ങിന്റേയും മനോഹാരിതയാണ് കിടപ്പുമുറികളിൽ





തിരശ്ചീന ഡിസൈൻ അകത്തളങ്ങളിലെത്തുമ്പോൾ ലംബമായി മാറുന്നു. ഫർണിച്ചർ, ഡൈനിങ്ടേബിൾ, ഇന്റീരിയറിലെ പ്രധാനഘടകമായി വരുന്ന ജനലുകൾ എന്നിവയ്ക്കെല്ലാം തന്നെ ലംബമായ ഡിസൈനാണ് തെരഞ്ഞെടുത്തിരിക്കുന്നത്. എക്സ്റ്റീരിയറിലും ഇന്റീരിയറിലും വരുന്ന ഈ ഡിസൈൻ രീതികൾ തമ്മിലുള്ള ഈ കോമ്പിനേഷൻ ഡിസൈനിനെ ഹൃദ്യമാക്കുന്നുണ്ട്.

അടുക്കളയിൽ കബോഡുകൾക്ക് ഫെറോസിമന്റും എം.ഡി.എഫുമാണ് ഉപയോഗിച്ചിരിക്കുന്നത്



## മിനിമലിസം

സിറ്റൗട്ട്, ലിവിങ്, മൂന്ന് ബെഡ്റൂമുകൾ, ഡൈനിങ്, കിച്ചൻ, വർക്കേരിയ എന്നിവയടങ്ങുന്ന ഈ ഇരുനില വീട്ടിൽ മിനിമലിസം ആധാരമാക്കിയുള്ള ഡിസൈനിങ്ങാണുള്ളത്. വൈറ്റ്- ബ്രൗൺ കോമ്പിനേഷനിൽ വുഡൻ ഷെയ്ഡും വരുന്ന തരത്തിലുള്ള കളർതീമാണ് വീടിന്റേത്. കടുംനിറങ്ങളെ പാടെ ഒഴിവാക്കി. കൗതുകവസ്തുക്കളുടേയും ഫർണിച്ചറിന്റേയും തെരഞ്ഞെടുപ്പിൽ ലാളിത്യം കാണാം. ഡബിൾ ഹൈറ്റിലാണ് ലിവിങ് ഒരുക്കിയിരിക്കുന്നത്. വീടിന്റെ പുറകുവശത്തുള്ള പത്ത്സെന്റോളം വരുന്ന വിശാലമായ കുളത്തിലേക്ക് നോട്ടം ലഭിക്കുന്ന തരത്തിലാണ് മൂന്ന് ബെഡ്റൂമുകളും ഒരുക്കിയിരിക്കുന്നത്. പാർട്ടീഷൻ വാൾ നൽകിയിരിക്കുന്നത് ഒരു ഡിസൈൻ എലമെന്റായാണ്. പകുതിഭാഗം ഗ്ലാസ് ബോക്സ് നൽകി അതിൽ പെബിളുകൾ നിറച്ച് മുകളിലേക്ക് സ്റ്റെയിൻലസ് സ്റ്റീൽ റോഡുകൾ ലംബമായി നൽകിക്കൊണ്ടുള്ള ഒരു ഡിസൈൻ. ഈ നയം ഇരുനിലകളിലും പിന്തുടർന്നിട്ടുണ്ട്.

വളരെ സാധാരണമട്ടിൽ ഒരുക്കിയിട്ടുള്ള അടുക്കളയുടെ കൗണ്ടർ ടോപ്പ് ഗ്രനൈറ്റിലാണ്. കബോഡുകൾ ഫെറോസിമന്റ് ബോർഡുകളും എംഡിഎഫും ഉപയോഗിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. കബോഡുകൾക്ക് ബ്രൗൺ നിറം നൽകിയിരിക്കുന്നു. ചെറിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന രണ്ട് ബാൽക്കണികളും വീടിനുണ്ട്.

പ്രകൃത്യാലുള്ള കാറ്റും വെളിച്ചവും അകത്തളങ്ങളിലേയ്ക്കെത്തിക്കുന്ന രീതിക്കൊപ്പം വീട്ടുകാരുടെ സൗകര്യങ്ങളും ഈ ഭവനത്തിന്റെ രൂപകൽപനയ്ക്ക് പ്രധാന ഘടകമായിട്ടുണ്ട്. ഫർണിച്ചറിന്റെ തെരഞ്ഞെടുപ്പിലും മൊത്തം കളർ കോമ്പിനേഷനിലും പുലർത്തിയിട്ടുള്ള ഒതുക്കം മിതത്വത്തിന്റേതായ ഒരു പ്രതീതി തന്നെയാണ് നൽകുന്നതും. •

ഫോട്ടോഗ്രാഫി : ഘോഷ് കൊണ്ടിയറ